# വഴി തെറ്റുന്ന ചെറുപ്പം

ഏറെ കാലത്തിനു ശേഷമാണ് സ്വന്തം ഗ്രാമം സന്ദർശിക്കാൻ അവസരമുണ്ടായത്. ഗൾഫുകാരുടെ കൂറ്റൻ വീടുകൾ അവിടവിടെയായി തലയുയർത്തി നില്ക്കുന്നുണ്ട് എന്നല്ലാതെ ഗ്രാമത്തിൽ കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടായിട്ടില്ല. മാറ്റം സംഭവിച്ചത് ചെറുപ്പക്കാർക്കാണെന്ന് പെട്ടെന്ന് തിരിച്ചറിയാൻ സാധിച്ചു.

രാത്രിയായതോടെ ഗ്രാമം ആളൊഴിഞ്ഞതായി എന്റെ ശ്രദ്ധയിൽ പെട്ടു. യുവാക്കളെയൊന്നും കാണാനില്ല. അക്കാര്യം അന്വേഷിച്ചപ്പോൾ കിട്ടിയ മറുപടി ഞെട്ടിക്കുന്നതായിരുന്നു. യുവാക്കളിൽ ഭൂരിഭാഗവും രാത്രിയായാൽ തൊട്ടടുത്ത വാറ്റു കേന്ദ്രത്തിലാണ് കഴിച്ചുകൂട്ടുക. ഉന്നത കുലജാതരും വിദ്യാസമ്പന്നരുമൊക്കെയായ പല യുവാക്കളും ഇന്ന് കുടിയന്മാരാണ്. അരുതെന്ന് അറിയാഞ്ഞിട്ടല്ല, എന്തോ, അങ്ങയായിട്ടുണ്ട് സ്ഥിതി.

പിതാക്കന്മാരോ വീട്ടിലെ മുതിർന്നവരോ ആയ ഗൾഫ് പ്രവാസികൾ അയക്കുന്ന പണത്തിന്റെ തിണ്ണബലത്തിൽ ചിന്ത നഷ്ടപ്പെട്ടവരാണ് നമ്മുടെ യുവത. മാറിവരുന്ന ജീവിതശീലങ്ങളിൽ തന്നെത്തന്നെ മറന്നവർ. താല്ക്കാലിക സുഖത്തിനു വേണ്ടി ഭാവിപരിണതിയെപ്പറ്റി ഒട്ടും ഓർക്കാതെ തെറ്റുകളിൽ വിഹരിക്കുന്നവർ.

ഒരു ജനതയുടെ പരിവർത്തനത്തിന്റെയും ക്ഷേമത്തിന്റെയും കടിഞ്ഞാൺ പിടിക്കേണ്ടത് യുവതയാണെന്ന സത്യം കാലഹരണപ്പെട്ടതല്ല. ഈ കാലസത്യത്തിന് എവിടെയാണ് പിഴച്ചത്? ആരെയും കുറ്റപ്പെടുത്തുന്നതിൽ അർഥമില്ല. വലിഞ്ഞു കയറിവന്ന ആഗോളവത്ക്കരണത്തിൽ നാം അറിയാതെ സ്വന്തം ഒക്കത്തു കെട്ടി വെച്ച ആരാന്റെ സന്തതിയെ തിരിച്ചറിയാൻ നാം കണ്ണ് തുറക്കാത്തതിന്റെ പരിണതിയാണിത്.

സംസ്കാരത്തെയും ജീവിതത്തിന്റെ നാനാർഥങ്ങളെയും ഒരുമിച്ചുകൂട്ടി ജനതയെ നയിച്ചവരാണ് വൃദ്ധതലമുറ. ആ അധ്വാനത്തിന്റെ കിതപ്പോടെയാണവർ യുവതയെ നോക്കിക്കാണുന്നത്. അവരേല്പിച്ച ഉത്തരവാദിത്തങ്ങളെ അവഗണിക്കുകയും വിപല്ക്കരമായ ജീവിതരീതി സ്വീകരിക്കുകയും ചെയ്ത യുവതയാണവരുടെ മുമ്പിലുള്ളത്. നാടിനെയും സമൂഹത്തെയും നയിക്കുകയല്ല, ജീവിതത്തിൽ ഒളിച്ചോടുവാനാണ് യുവാക്കൾ വെമ്പുന്നത്. ജീവിതത്തിന്റെ ഔചിത്യ-അനൗചിത്യങ്ങളെ സംബന്ധിച്ച കാഴ്ചപ്പാട് അവർക്ക് നഷ്ടപ്പെട്ടിരിക്കുന്നു. അവർ പ്രവേശിക്കുന്ന ഏത് മേഖലയും അവർക്ക് "അഭികാമ്യ"മാണ്.

യുവതലമുറ എത്തിച്ചേർന്ന ഈ ദുരവസ്ഥ ഒരു തലമുറയെ മാത്രമല്ല നാടിനെ മുഴുവൻ നശിപ്പിക്കത്തക്കതാണ്.

ഒരു ഹരത്തിനും രസത്തിനും തുടങ്ങിയ "ചെറിയവൻ" എന്ന സ്മോളടി ഇന്ന് അനിവാര്യവും ഒഴിക്കാൻ പറ്റാത്തതുമായ ചര്യയായി മാറി.

കിളിർത്തുവരുന്ന യുവത്വത്തിന്റെ ഒരു ഹോബിക്കായി തുടങ്ങിയ കമാൻറടി ഇന്ന് സ്ത്രീകളുടെ നേരെയുള്ള കടന്നുപിടിത്തത്തിലേക്ക് "പുരോഗമി"ച്ചിരിക്കുന്നു. ചെറിയ പെൺകുട്ടികൾ പോലും അതിന്റെ ദുരന്ത ഇരകളാണ്.

അല്പം ഭയത്തോടെ തുടങ്ങിയ മയക്കുമരുന്ന് ഇന്ന് പലരെയും ഗുരുതരമായ ക്രിമിനലുകളാക്കിയിരിക്കുന്നു. മാഫിയകളുടെ റാക്കറ്റിലാണ് പല ചെറുപ്പക്കാരും.

ഒന്നിനും തികയാതെ വന്ന കീശയുടെ ദാരിദ്ര്യം രാത്രികൊള്ളയിലേക്കും വാഹനകൊള്ളയിലേക്കും വഴുതിമാറിയത് സ്വാഭാവികം.

എവിടെയാണ് യുവതക്ക് പിഴച്ചത്? ആരെയും കുറ്റം പറയേണ്ട. പിതാക്കളും മുതിർന്നവരും അനിയന്ത്രിതമായി പണം കൊടുത്ത് ലാളിച്ചു വളർത്തിയ കുട്ടികളാണിവരിൽ പലരും. കുട്ടികൾക്ക് പോലും ബൈക്കും മൊബൈലും വാങ്ങിക്കൊടുക്കുമ്പോൾ നാം ഓർക്കണം നമുക്കുള്ള ടെൻഷനാണ് ആ വാങ്ങുന്നതെന്ന്.

ഒരു സമൂഹത്തെ നയിക്കാൻ നിയുക്തരായ ഈ തലമുറയെ ഇനി ആരാണ് കൈപിടിച്ച് നന്മയിലേക്കും ജീവിതാർഥത്തിലേക്കും നയിക്കുക?